# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1906 | 04.11.2019- ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## റീബിൽഡ് കേരള പദ്ധതിയുടെ ഓഫീസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) റീബിൽഡ് കേരള പദ്ധതി ഓഫീസിന്റെ ഓർഗനൈസേഷൻ സ്ട്രക്ചർ വ്യക്തമാക്കാമോ; | (എ) അതിജീവനക്ഷമവും പരിസ്ഥിതിസൗഹൃദവുമായ തരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)ന് രൂപം നൽകിയത്. വിവിധ സർക്കാർവകുപ്പുകളുമായും ഏജൻസികളുമായും ബന്ധപ്പെട്ടു കിടക്കുന്ന സങ്കീർണവും ബഹുതല സ്പർശിയുമായ പ്രവർത്തനമേഖലയാണ് RKI യുടേത്. ഇതു കണക്കിലെടുത്തുകൊണ്ട് സുതാര്യതയോടെ, വേഗത്തിൽ പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി, ചുവടെ പറയുന്ന തരത്തിലുള്ള സ്ഥാപനതല ചട്ടക്കൂടാണ് RKI യ്ക്കുള്ളത്.<br>1.**മന്ത്രിസഭ**- പുനർനിർമാണം സംബന്ധിച്ച നയപരമായ തീരുമാനങ്ങളും പദ്ധതി അംഗീകാരവും മന്ത്രിസഭയായിരിക്കും കൈകാര്യം ചെയ്യുന്നത്.<br>2. **ഉപദേശക സമിതി**- മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായ സമിതിയിൽ കേന്ദ്രമന്ത്രി, നാല് സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ, വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച 8 പേർ, RKI ഇംപ്ലിമെന്റേഷൻ കമ്മിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 20 പേർ അംഗങ്ങളായുണ്ട്. പുനർനിർമാണപദ്ധതികൾ സംബന്ധിച്ച മാർഗനിർദേശം നൽകുന്നത് ഈ സമിതിയായിരിക്കും.<br>3. **ഉന്നതാധികാര സമിതി (HLEC)**- ചീഫ് സെക്രട്ടറി ചെയർമാനായ സമിതിയിൽ, ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി ചെയർമാൻ, 8 വകുപ്പു സെക്രട്ടറിമാർ, മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. (മെമ്പർ സെക്രട്ടറി), ശ്രീ. ടി.കെ.എ. നായർ, ശ്രീ. |

| | |
|---|---|
| | കെ.എം.ചന്ദ്രശേഖർ എന്നിവർ അംഗങ്ങളാണ്. ഇംപ്ലിമെന്റേഷൻ കമ്മിറ്റി സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അവ മന്ത്രിസഭയിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള അംഗീകാരം നൽകുക, മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ ഡി.പി.ആറിന് അംഗീകാരം നൽകുക, പദ്ധതി നിർവഹണം മോണിറ്റർ ചെയ്യുക എന്നിവ HLEC യുടെ ചുമതലകളിൽപ്പെടുന്നു. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതും പദ്ധതികളുടെ സുഗമമായ നിർവഹണം ഉറപ്പാക്കുന്നതിന് മറ്റ് വകുപ്പുകളുമായി ഏകോപനം നടത്തുന്നതും HLEC യാണ്.<br>4. **ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി**- മുൻ ചീഫ് സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം ചെയർമാനും മുഖ്യമന്ത്രിയുടെ സെക്രട്ടറി, ആർ.കെ.ഐ. സി.ഇ.ഒ. എന്നിവർ അംഗങ്ങളുമായതാണ് ഈ സമിതി. പുനർനിർമാണ പദ്ധതികളുടെ നിർവഹണം, പദ്ധതി രേഖ/ഡി.പി.ആർ. തയാറാക്കൽ, അവ HLEC ക്ക് സമർപ്പിക്കൽ തുടങ്ങിയവയാണ് ഈ സമിതിയുടെ ചുമതലകൾ.<br>കൂടാതെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഭരണപരമായ പിന്തുണ നൽകുന്നതിനായി അഡീഷണൽ സെക്രട്ടറി, സെക്ഷൻ ഓഫീസർ, മൂന്ന് അസിസ്റ്റന്റുമാർ എന്നിവരടങ്ങുന്ന ആർ.കെ.ഐ. സെക്രട്ടറിയേറ്റും പ്രവർത്തിക്കുന്നു. |
| (ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസിന്റെ പ്രവർത്തനത്തിനായി നിയമിതരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;<br><br>(സി) ഇതിൽ സ്ഥിരം/ താൽക്കാലികം/ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) ചുവടെ പറയുന്ന ഉദ്യോഗസ്ഥരാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനത്തിനായി നിയമിതരായിട്ടുള്ളത്.<br>ഗവ. പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ.വേണു വി. ഐ.എ.എസ്. , ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ചുമതല വഹിക്കുന്നു.<br>കൂടാതെ ഗവ. സെക്രട്ടറിയേറ്റിൽനിന്നുള്ള,<br>1. ശ്രീ. കെ.സുനിൽകുമാർ –ജോയിന്റ് സെക്രട്ടറി,<br>2. ശ്രീ.നാഗിൻ .എൻ- സെക്ഷൻ ഓഫീസർ,<br>3. ശ്രീ..വി.വേണുഗോപാൽ- സീനിയർ ഗ്രേഡ് അസിസ്റ്റന്റ്<br>4. ശ്രീ. ഷിനോജ് പി.ആർ. - അസിസ്റ്റന്റ്<br>5. ശ്രീ. രാഹുൽ ചന്ദ്രശേഖരൻ- അസിസ്റ്റന്റ്,<br>6.. ശ്രീമതി. ഭാമ കെ.സി. - ഓഫീസ് അറ്റൻഡന്റ്<br>ഇവരെക്കൂടാതെ കരാർ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽനിന്നുള്ള വിദഗ്ധരായ അഞ്ചുപേർ കൺസൾട്ടന്റുമാരായി പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) ഈ ഓഫീസിന്റെ പ്രവർത്തനത്തിനായി പ്രതിമാസം ചെലവാകുന്ന തുക ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ഡി) ഈ ഓഫീസിന്റെ പ്രവർത്തനത്തിനായി നിലവിൽ പ്രതിമാസം ചെലവാകുന്ന തുക ഇനംതിരിച്ച് ചുവടെ ചേർക്കുന്നു.<br>ഓഫീസ് വാടക- 156082 രൂപ<br>വാഹന വാടക-32250 രൂപ<br>ഓണറേറിയം- 986342 രൂപ |
| (ഇ) ഈ ഓഫീസിന്റെ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് ചെലവായ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ? | (ഇ) ഓഫീസ് ഒരുക്കുന്നതിനായി നിലവിൽ പണം ചെലവഴിച്ചിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പ്രോജക്ട് മാനേജ് മെന്റ് കൺസൽട്ടന്റ് ആയി നിയമിച്ചുകൊണ്ട് ഓഫീസ് സജ്ജമാക്കൽ പ്രവൃത്തികൾക്ക് 67.54 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**